# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി2/26710/10.

തൈക്കാട്, തിരുവനന്തപുരം-14
തീയതി: 05/02/2011.

## വിജ്ഞാപനം

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- ജൂലൈ 2011-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിനോടൊപ്പം പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് അപേക്ഷ ക്ഷണിക്കുന്നത് സംബന്ധിച്ച്.

***************

ജൂലായ് 2011-ൽ നടക്കുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ ഐ.ടി.ഐ/ഐ.ടി.സി.കളിൽ പരിശീലനം നേടാതെ പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുന്നതിന് താഴെപ്പറയുന്ന വിഭാഗങ്ങളിൽപ്പെടുന്ന അപേക്ഷകർക്ക് നിർദ്ദേശിച്ചിട്ടുള്ള രീതിയിൽ അപേക്ഷകൾ 30/03/2011-ന് മുൻപായി ബന്ധപ്പെട്ട നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാളിന് സമർപ്പിക്കാവുന്നതാണ്.

*a)* 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസ് ട്രെയിനിംഗ് നടപ്പാക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് അപേക്ഷിക്കുന്നവർ അവർ അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധപ്പെട്ട ജോലിയിൽ ഏറ്റവും കുറഞ്ഞത് മൂന്ന് വർഷത്തെ പ്രവൃത്തി പരിചയം നേടിയിട്ടുണ്ടായിരിക്കണം. ജോലിയുമായി ബന്ധപ്പെട്ട കാലയളവ് മാത്രമേ പ്രവൃത്തി പരിചയത്തിന് പരിഗണിക്കുകയുള്ളൂ. അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധമുള്ള ജോലിയിലെ പ്രവൃത്തി പരിചയം കാണിച്ചുകൊണ്ടുള്ള തൊഴിലുടമയുടെ സർട്ടിഫിക്കറ്റിലും, ടി സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷകന്റെ ഒപ്പോടു കൂടിയ തൊഴിലിന്റെ വിശദവിവരത്തിലും തൊഴിലുടമ മേലൊപ്പു ചാർത്തിയിരിക്കണം. ജോലിയുടെ സ്വഭാവം, വിവിധ തസ്തികകളിൽ ജോലി ചെയ്തിട്ടുള്ള കാലയളവ്, ടി കാലയളവിലെ വേതന നിരക്ക് എന്നിവ സംബന്ധിച്ച രേഖയും ഹാജരാക്കിയിരിക്കണം. *(പ്രൊഫോർമ-1)*

b) ഫാക്ടറി ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സർക്കാരിലോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലോ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങൾ എന്നിവടങ്ങളിൽ നിന്നും ബന്ധപ്പെട്ട ട്രേഡിൽ 3 വർഷത്തെ പ്രവൃത്തി പരിചയമുള്ളവർക്ക് പ്രൈവറ്റായി അപേക്ഷിക്കുന്നതിന് എസ്.സി.വി.ടി നടത്തുന്ന യോഗ്യത പരീക്ഷ ജയിച്ചിരിക്കണം.

c) സ്റ്റേറ്റ് കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തുന്ന എസ്.സി.വി.ടി ട്രേഡ് ടെസ്റ്റ് വിജയിച്ച് സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർക്ക്, അതേ

ട്രേഡിൽ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് നടത്തുന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റിൽ നേരിട്ട് പ്രൈവറ്റായി പങ്കെടുക്കാവുന്നതാണ്. ഇതിനായി അപേക്ഷയോടൊപ്പം എസ്.സി.വി.റ്റി നൽകുന്ന പ്രൊവിഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന്റെയോ, സ്റ്റേറ്റ് ട്രേഡ് സർട്ടിഫിക്കറ്റിന്റേയോ സാക്ഷ്യപ്പെടുത്തിയ പകർപ്പ് വയ്ക്കേണ്ടതാണ്.

d) 1961-ലെ അപ്രന്റീസ് ആക്ട് പ്രകാരം അപ്രന്റീസായി പരിശീലനം നേടി അനുവദിച്ചിട്ടുള്ള ആറ് അവസരങ്ങളും ഉപയോഗിച്ചതിനു ശേഷവും പരാജയപ്പെട്ട അപ്രന്റീസുകൾക്ക് ബന്ധപ്പെട്ട ഐ.ടി.ഐ. ട്രേഡിൽ നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റിന് പ്രൈവറ്റായി പങ്കെടുക്കാം. ഇത്തരത്തിലുള്ള അപേക്ഷകർ മുൻപ് ഏതെങ്കിലും നാഷണൽ ട്രേഡ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുള്ളവരാകാൻ പാടില്ല. ഇതിനായി അപേക്ഷകർ ബന്ധപ്പെട്ട ആർ.ഐ.സെന്ററിലെ ട്രെയിനിംഗ് ആഫീസറിൽ നിന്നും അവർ അപ്രന്റീസ് പരീക്ഷയിൽ പങ്കെടുത്തതിന്റെ വിവരമുൾക്കൊള്ളുന്ന സർട്ടിഫിക്കറ്റ് അപേക്ഷയൊടൊപ്പം ഹാജരാക്കിയിരിക്കണം.

**<u>പൊതുവായ നിർദ്ദേശങ്ങൾ</u>**

*(i)* എൻ.സി.വി.ടി ഓരോ ട്രേഡുകൾക്കും പ്രത്യേകമായ അടിസ്ഥാന യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷിക്കുന്ന ട്രേഡിന് നിശ്ചയിച്ചിട്ടുള്ള അടിസ്ഥാന യോഗ്യത അപേക്ഷകനുണ്ടായിരിക്കണം. പ്രവേശന യോഗ്യത സംബന്ധിച്ച വിവരം ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും ***<u>www.det.kerala.gov.in</u>*** എന്ന വെബ്സൈറ്റിലും ലഭിക്കുന്നതാണ്.

*(ii)* പ്രൈവറ്റായി ട്രേഡ് ടെസ്റ്റ് എഴുതുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷ ഫീസായി 500/- (അഞ്ഞൂറ് രൂപ) ***''0230-ലേബർ ആന്റ് എംപ്ലോയ്മെന്റ്-00-800-അദർ റസീപ്റ്റ്-88-അദർ ഐറ്റംസ്''*** എന്ന ശീർഷകത്തിൽ സംസ്ഥാനത്തെ ഏതെങ്കിലും ട്രഷറിയിൽ ഒടുക്കിയതിന്റെ അസ്സൽ ചെലാൻ അപേക്ഷയോടൊപ്പം അയക്കണം.

*(iii)* പരീക്ഷ ഫീസ് അടച്ചിട്ടുള്ളത് യാതൊരു കാരണവശാലും തിരികെ നൽകുന്നതോ വേറെ ഏതെങ്കിലും രീതിയിൽ ക്രമീകരിക്കുകയോ ചെയ്യുന്നതല്ല.

*(iv)* പ്രാക്ടിക്കൽ പരീക്ഷയിൽ മെഷീനുകളിൽ വർക്ക് ചെയ്യേണ്ടവർ പരീക്ഷയ്ക്ക് മുൻപായി 100/-രൂപ(നൂറ് രൂപ മാത്രം) അതാത് ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ ജാമ്യ നിക്ഷേപം അടയ്ക്കേണ്ടതും, പ്രാക്ടിക്കൽ പരീക്ഷ കഴിഞ്ഞതിനു ശേഷം ബാദ്ധ്യതയൊന്നുമില്ലായെന്ന് കണ്ടാൽ ടി തുക തിരികെ ലഭിക്കുന്നതുമാണ്.

*(v)* ഒന്നാം ഘട്ട സൂക്ഷ്മ. പരിശോധനകൾ ഐ.ടി.ഐ.യിൽ വച്ച് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ നടത്തേണ്ടതും, പ്രിൻസിപ്പാൾ ശുപാർശ ചെയ്യുന്ന അപേക്ഷകൾ 07/04/2011-ന് 5 മണിക്ക് മുൻപായി ട്രെയിനിംഗ് ഡയറക്ടറേറ്റിൽ ലഭിക്കുന്ന വിധത്തിൽ അയച്ചിരിക്കേണ്ടതാണ്.

*(vi)* വിദ്യാഭ്യാസ യോഗ്യത, ജനനതീയതി എന്നിവ തെളിയിക്കുന്നതിനായി എസ്.എസ്.എൽ.സി.യുടെ ബന്ധപ്പെട്ട പേജിന്റെ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ് അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കേണ്ടതാണ്.

*(vii)* ട്രേഡ് ടെസ്റ്റ് നടത്തുന്ന തീയതി, സമയം, പരീക്ഷ കേന്ദ്രം, ഹാൾ ടിക്കറ്റ് വിതരണം തുടങ്ങിയ കാര്യങ്ങൾ ഐ.ടി.ഐ. പ്രിൻസിപ്പാൾമാരിൽ നിന്നും അറിയാൻ കഴിയുന്നതാണ്.

*(viii)* പൊതു നിർദ്ദേശത്തിൽ പറയുന്ന രേഖകൾ കൂടാതെ ഓരോ വിഭാഗത്തിൽപ്പെടുന്ന അപേക്ഷകർക്കും പ്രത്യേകമായി നിർദ്ദേശിച്ചിരിക്കുന്ന രേഖകളും അപേക്ഷയോടൊപ്പം നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

*(ix)* അപേക്ഷ ഫാറത്തിന്റെ മാതൃക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*(അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ ഐ.ടി.ഐ.കളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്).*

*(x) പരീക്ഷാ കേന്ദ്രങ്ങൾ- തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്.*

**ട്രെയിനിംഗ് ഡയറക്ടർ.**

എല്ലാ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും.

***കുറിപ്പ്:-*** ഡയറക്ടറേറ്റിൽ അയക്കുന്ന അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ നിർബന്ധമായും ഉറപ്പ് വരുത്തേണ്ടതാണ്. പ്രസ്തുത രേഖകൾ ഇല്ലാത്ത അപേക്ഷകൾ നിരസിക്കുന്നതാണ്.

1. നിർദ്ദിഷ്ഠ രീതിയിലുള്ള അപേക്ഷാ ഫാറം.
2. അപേക്ഷിക്കുന്ന ട്രേഡുമായി ബന്ധമുള്ള ജോലിയുടെ പ്രവർത്തി പരിചയവും കാണിച്ചു കൊണ്ടുള്ള തൊഴിലുടമയുടെ സർട്ടിഫിക്കറ്റും, ടി സർട്ടിഫിക്കറ്റിനോടൊപ്പം അപേക്ഷകന്റെ ഒപ്പോടു കൂടിയ തൊഴിലിന്റെ വിശദ വിവരത്തിൽ തൊഴിലുടമ മേലൊപ്പു ചാർത്തിയിരിക്കണം, സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സംബന്ധിച്ച സാക്ഷ്യപത്രവും.
3. വിദ്യാഭ്യാസ യോഗ്യത, ജനന തീയതി എന്നിവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് *(ഗസറ്റഡ് ഉദ്യോഗസ്ഥൻ).*
4. അപേക്ഷയോടൊപ്പം നിർബന്ധമായും ഫോട്ടോ ഉണ്ടായിരിക്കണം.

പി.സി.05/02.

# APPLICATION FOR ADMISSION TO ALL INDIA SUPPLEMENTARY TRADE TEST JULY 2011

(Photo)

| | | | |
|---|---|---|---|
| 1. | Name (In Block letters) | : | |
| 2. | Name of Father | : | |
| 3. | Place and date of birth | : | |
| 4. | Address to which communications are to be sent (in block letters) with Pin code, Phone no: and e-mail ID: | : | |
| 5. | Permanent Address | : | |
| 6. | Educational Qualification *(Attested copy to be attached)* | : | |
| 7. | Whether employed *(given full address of Employer)* | : | |
| 8. | Religion & Caste. | | |
| 9. | Whether the Applicant passed for SCVT *(attested copy of SCVT Certificate to be attached* If yes, the trade and its duration. | : | |
| 10. | Whether the Applicant from establishment covered under Apprentice Act 1961. *(A report covering 100 to 1500 words showing the details of work done with respect for the relevant trade should be prepared and signed by the applicant and certified by the employer that the particulars stated are correct as per the enclosed Proforma No:I)* | : | |
| 11. | Whether the Applicant appeared for Apprentice test under Apprentice Act. 1961 who failed six times in the AIATT *(Furnish the details)* | : | |
| 12. | Nature of Employment | : | Permanent/ Temporary |
| 13. | Name of Trade applied | : | |

Place:
Date: Signature of the applicant.

P.C05/02

## Proforma-I

*(To be submitted by the candidates mentioned in Para A of the Notification duly filled and signed by the Employer concerned).*

Certified that Shri/Smt........................................................ working this establishment as ..............................................................................and drawing a total amount of Rs................ (Rupees........................................ only) per mensem towards salary.

| Designation | Service details period | | Pay Drawn particulars |
|---|---|---|---|
| | From | To | |
| | | | |

Place:
Date:

(Office Seal)

Signature
(Name & Designation of Employer)

*Note to Employers:-*

1. The applications need to be recommended and forwarded only if the applicant is a regular employee working on full term basis and has a continuous service of three year in relevant trade for which the employee has to appear for trade test or work in your establishment and performed duties connected with the Trade applied for.
2. The bonafides of statements made will be verified with the concerned authorities before granting permission to appear for the trade test.

*Recommendation of concerned ITI's Principals.*

I do hereby state that the candidate is working in the establishment were Apprenticeship Training Programme is implemented SCVT Certificate Holder and the documents and the work done report of relevant trade submitted has been verified by me. Hence Recommended/Not Recommended the application for considering to permit for the ensuing trade test conducted in as private candidate.

Place:
Date:

(Office Seal)

Signature
(Name & Designation of Employer)

N.B. Recommendation may be made only if the employee worked in the relevant trade for the minimum 3 years. Without the recommendation of the Principals of ITIs concerned, that application will be rejected.

P.C.05/02